"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in
തീയതി : 18-11-2020

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

**സർക്കുലർ നം 89**

ജയിൽ സ്ഥാപനങ്ങളുടെ സുഗമമായി നടത്തിപ്പിനായുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും ബഹു. ഡി.ജി.പി യും മേഖലാ ഡി.ഐ.ജി മാരും പലപ്പോഴായി സർക്കുലറുകളായി നൽകിയിട്ടുണ്ട്. എന്നാൽ ടി സർക്കുലറുകളെക്കുറിച്ച് യാതൊരു ധാരണയും ജനറൽ ഡ്യൂട്ടി നിർവ്വഹിക്കുന്ന ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർ, അസി. പ്രിസൺ ഓഫീസർമാർ എന്നിവർക്കില്ലെന്നാണ് മനസ്സിലായിട്ടുള്ളത്. ബന്ധപ്പെട്ട സൂപ്രണ്ടുമാർ സർക്കുലറുകൾ മേൽപ്പടി ഉദ്യോഗസ്ഥരിലേക്ക് സർക്കുലേറ്റ് ചെയ്തു കാണുന്നില്ല. ജയിലാസ്ഥാന കാര്യാലയം, മേഖലാ ഡി.ഐ.ജി ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് വരുന്ന സർക്കുലറുകൾ എല്ലാ ജയിൽ ഉദ്യോഗസ്ഥരേയും സമയബന്ധിതമായി അറിയിക്കുവാൻ ബന്ധപ്പെട്ട സൂപ്രണ്ടുമാർ ശ്രദ്ധിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു. ആയത് നടപ്പിലാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജയിലാസ്ഥാന കാര്യാലയം, മേഖലാ ഡി.ഐ.ജി ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് വരുന്ന സർക്കുലറുകൾ ഒരു സർക്കുലർ ബുക്കിൽ ഒട്ടിച്ച് ജനറൽ ഡ്യൂട്ടി ഡെപ്യൂട്ടി പ്രിസൺ ഓഫീസർമാർ സൂക്ഷിക്കേണ്ടതാണ്.
2. എല്ലാ ഉദ്യോഗസ്ഥരും സർക്കുലർ വായിച്ച് സർക്കുലറിൽ ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ടി വിവരം 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ഡി.ഐ.ജി ഓഫീസിലും ജയിലാസ്ഥാന കാര്യാലയത്തിലും റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. സർക്കുലറിൻ്റെ ഒരു പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ കർശനമായി 15 ദിവസം പതിപ്പിച്ചിരിക്കേണ്ടതാണ്
4. ജയിൽ സന്ദർശന വേളയിൽ മേൽപ്പടി സംവിധാനം ബഹു. ഡി.ജി.പി പരിശോധിക്കുന്നതും ഇത് നടപ്പാക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ഡി.ഐ.ജി ഓഫ് പ്രിസൺസ്
ദക്ഷിണ മേഖല / മദ്ധ്യ മേഖല / ഉത്തര മേഖല
എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

DIG(HQ)-26850/2020/PrHQ

e2e6ef

DIG(HQ)-26850/2020/PrHQ
e2e6ef